# Athmaraksha.org

വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം-March

## March 24



**വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം: ഇരുപത്തി നാലാം തീയതി**
'ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു' (ലൂക്കാ 1:27).

**തിരുകുടുംബത്തെ എങ്ങനെ അനുകരിക്കാം?**
മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. എല്ലാ മനുഷ്യരും അവരുടെ സാമൂഹ്യജീവിതം ആരംഭിക്കുന്നത് കുടുംബത്തിലാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ സാമൂഹ്യജീവിതത്തിലൂടെ വ്യക്തിവികാസവും പൂർണ്ണതയും പ്രാപിക്കണമെന്നാണ് ദൈവപരിപാലന. കുടുംബാന്തരീക്ഷം ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. നമ്മുടെ പിതാവായ മാർ യൗസേപ്പ് നസ്രസിലെ തിരുക്കുടുംബത്തിന്റെ നാഥനായിട്ടാണ് സ്വജീവിതം നയിച്ചത്. പ. കന്യകയുടെയും ഉണ്ണീശോയുടെയും സാന്നിദ്ധ്യം ആ ചെറുഭവനത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കി പകർത്തി. തിരുക്കുടുംബത്തിലെ അംഗങ്ങൾ പരസ്പര സ്നേഹത്തിലും സഹകരണത്തിലും ഐക്യത്തിലുമാണ് ജീവിച്ചത്. നരകുലപരിത്രാതാവായ ഈശോമിശിഹാ അവിടുത്തെ ഭൗമിക ജീവിതത്തിലെ ഏറ്റവും കൂടുതൽ സമയം നസ്രസിലെ തിരുക്കുടുംബത്തിൽ ജീവിച്ചു കൊണ്ട് കുടുംബജീവിതത്തിന്റെ മഹത്വം വ്യക്തമാക്കി. പരിശുദ്ധ കന്യക മണവാളനായ വി. യൗസേപ്പിനോടു ഏറ്റവും നിർമ്മലമായ സ്നേഹം പുലർത്തി. ഒരു! മാതൃകാ ഭാര്യ, ഗൃഹനാഥ എന്നീ നിലകളിൽ വി. യൗസേപ്പിനെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഈശോ, മാതൃകാ പുത്രൻ എന്നുള്ള നിലയിൽ വി. യൗസേപ്പിനെയും പരിശുദ്ധ കന്യകയെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തു. അപ്രകാരം അവിടെ അവർ ഏക ഹൃദയവും ഏക ആത്മാവുമായിരുന്നു.

വി. യൗസേപ്പ് തിരുക്കുടുംബനാഥൻ എന്നുള്ള നിലയിൽ പ. കന്യകയുടെയും

ദൈവകുമാരന്റെയും ജീവിതം ഏറ്റവും സൗഭാഗ്യകരമാക്കുവാൻ പരിശ്രമിച്ചു. വേല ചെയ്തു നെറ്റിയിലെ വിയർപ്പു കൊണ്ട് അദ്ദേഹം അവരെ പോറ്റി. കുടുംബത്തിൽ പരിപാവനമായ ഒരു അന്തരീക്ഷം പുലർത്തി. പരസ്പര സ്നേഹം, സേവനം, പ്രാർത്ഥന എന്നിവ തിരുക്കുടുംബത്തിൽ പരിപുഷ്ടമായി. നമ്മുടെ കുടുംബങ്ങളിൽ ൈ്രകസ്തവമായ അന്തരീക്ഷം നിലനിൽക്കണമെങ്കിൽ, വി. യൗസേപ്പും പ.കന്യകാമറിയവും ഈശോനാഥനും തിരുക്കുടുംബത്തിൽ ജീവിച്ചിരുന്നതുപോലെ നാമും ജീവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഭവനങ്ങളിൽ ഈശോ നാഥൻ ഭരണം നടത്തണം. മരിയാംബിക രാജ്ഞിയായി വാഴണം. അതോടൊപ്പം മാർ യൗസേപ്പിനും കുടുംബത്തിൽ സ്ഥാനം നൽകുക. നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥന ഉയരണം. കുടുംബാംഗങ്ങൾ ഒന്നു ചേർന്ന്! പരസ്പര സ്നേഹം പരിപുഷ്ടമാക്കണം.

വിവാഹം ക്രിസ്തുവിൽ കേന്ദ്രീകൃതമായ കുടുംബജീവിതത്തിനുള്ള കൂദാശയാണ്. മിശിഹായും സഭയും തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകം. മൗതിക ശരീരത്തിന്റെ പ്രതിരൂപമെന്നത് തിരുക്കുടുംബത്തിന്റെ മാതൃകയാണ്. കുടുംബാംഗങ്ങളിൽ പരസ്പര സ്നേഹവും സേവന സന്നദ്ധതയുമുണ്ടായിരിക്കണം. സന്താനങ്ങളെ നല്ല രീതിയിൽ വളർത്താൻ ശ്രദ്ധ പതിപ്പിക്കുക. മാതാപിതാക്കൻമാർ നല്ല കത്തോലിക്കാ വിദ്യാഭ്യാസം അവർക്കു നൽകുക. സൽഗ്രന്ഥങ്ങളും പത്രമാസികകളും അവിടെ പ്രവേശിക്കട്ടെ. അശ്ലീലമായവ കുടുംബാന്തരീക്ഷത്തെ മലീമസമാക്കുമെന്ന്! തിരിച്ചറിയുക. വിശുദ്ധ ഗ്രന്ഥ പാരായണം എല്ലാ ദിവസവും കുടുംബങ്ങളിൽ പ്രാർത്ഥനയോടൊപ്പം നിർവഹിക്കുക. അങ്ങനെ തിരുകുടുംബം പോലെ നമ്മുടെ കുടുംബങ്ങൾ ൈ്രകസ്തവപൂർണ്ണമാകുമ്പോൾ സമൂഹവും ജനപദങ്ങളും ലോകം തന്നെയും ക്രൈസ്തവമാകും.

## സംഭവം

ഇന്ത്യാ പാക്കിസ്ഥാൻ (1971) യുദ്ധകാലത്ത് മുറിവേറ്റ് മരണവുമായി മല്ലടിക്കുന്ന അസംഖ്യം പടയാളികൾക്ക് ബംഗാളിലെ ഒരു പട്ടണത്തിൽ യൗസേപ്പിതാവിന്റെ ഭക്തരായ സന്യാസിനികൾ അഭയം നൽകി. ആശുപത്രിയും മഠവും ഉന്മൂലനം ചെയ്യുവാൻ ശത്രുക്കൾ പരിശ്രമിച്ചു. പലവട്ടം ശ്രമം നടത്തിയെങ്കിലും ഫലം ഉണ്ടായില്ല. ഒരു ദിവസം അർദ്ധരാത്രിയിൽ ഒരു ഹെലികോപ്റ്ററിൽ ശത്രുക്കൾ പറന്നെത്തി. എല്ലാവരും നിദ്രയിലാണ്ട സമയം. കാവൽക്കാരുടെ കണ്ണു വെട്ടിച്ചു കടന്നു വരുന്ന വിമാനം പട്ടണത്തിനു മുകളിൽ റോന്തു ചുറ്റുകയാണ്. വിമാനം കടന്ന കാര്യം കാവൽ പട്ടാളക്കാർ അറിഞ്ഞു. അപകടസൂചനയോടെ സൈറൻ മുഴങ്ങി. മഠത്തിലെ സന്യാസിനികൾ ഭയന്നു വിറച്ചു.
സകലതും ബോംബിന്റെ തീച്ചൂളയിൽ കരിഞ്ഞു ചാമ്പലാകാൻ അധിക സമയമില്ല. ഏകാലംബമായ വിശുദ്ധ യൗസേഫിന്റെ സഹായം തേടുവാൻ അവർ തീരുമാനിച്ചു. ഈ പുണ്യതാതന്റെ സമക്ഷം അവർ കണ്ണീരോടെ കൂട്ട പ്രാർത്ഥന നടത്തി. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി. അതാ ആകാശത്തിൽ വലിയ തീപടലം. എല്ലാവരും ഞെട്ടിവിറച്ചു. ഒരു പീരങ്കി പോലും ചലിച്ചില്ല. തോക്കുകൾ നിറയൊഴിച്ചില്ല. അത്ഭുതം! ബോംബിടുന്നതിനു മുൻപ് വിമാനം എന്തോ തകരാറു മൂലം കത്തിയെരിഞ്ഞു താഴെ വീണു. ബോംബിന്റെ യാതൊരു കെടുതിയും അവിടെ ഉണ്ടായില്ല. വിമാനാപകടത്തിൽ പരിക്കേറ്റ മൂന്നു പട്ടാളക്കാരെ സന്യാസിനികൾ തങ്ങളുടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അങ്ങനെ തങ്ങളെ സംരക്ഷിക്കുവാൻ വന്ന സൈനികരെ പരിചരിക്കാനുള്ള സ്ഥിതി വിശേഷമാണ് മാർ യൗസേപ്പു പിതാവിന്റെ ഭക്തദാസരായ ആ സഹോദരിമാർക്കുണ്ടായതും. തങ്ങളെ കാത്തു പാലിച്ച മാർ യൗസേപ്പിന് അവർ നന്ദിയോടെ സ്തോത്രമർപ്പിച്ചു.

## ജപം

തിരുക്കുടുംബത്തിന്റെ നാഥനായ മാർ യൗസേപ്പേ, ഞങ്ങളുടെ കുടുംബങ്ങൾ നസ്രസിലെ

തിരുക്കുടുംബം പോലെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും സ്നേഹസേവനങ്ങളുടെ വിളനിലമാകുവാൻ വേണ്ട അനുഗ്രഹങ്ങൾ നൽകേണമേ. കുടുംബാംഗങ്ങൾ പരസ്പര സ്നേഹത്തിലും സഹകരണത്തിലും ജീവിക്കട്ടെ. ഞങ്ങളുടെ കുടുംബാംഗങ്ങൾ ക്രിസ്തീയമായ ആദർശങ്ങൾക്കനുസരിച്ച് ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നതാണ്. ഈശോയും, പരിശുദ്ധ കന്യകയും വന്ദ്യപിതാവേ, അങ്ങും ഞങ്ങളുടെ കുടുംബങ്ങളിൽ സന്നിഹിതരായി കുടുംബാന്തരീക്ഷത്തെ പവിത്രീകരിക്കേണമേ. അപ്രകാരം ഞങ്ങളുടെ കുടുംബങ്ങൾ സ്വർഗ്ഗീയ ജീവിതത്തിന്റെ നാന്ദിയാകട്ടെ.
1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## വി. യൗസേപ്പപിതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,

നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

## പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## സുകൃതജപം

തിരുക്കുടുംബത്തിന്റെ സംരക്ഷകാ, ഞങ്ങളുടെ കുടുംബത്തെ സ്നേഹ ചൈതന്യത്തിൽ സംരക്ഷിക്കണമേ.

+++